പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -T* 4505 17.12.2014 ൽ മറുപടിക്ക്

## കൊരട്ടി വൈഗാ ത്രഡ്സ് പ്രോസസേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി. എം. എൽ. എ | ശ്രീ. ഷിബു ബേബി ജോൺ (ബഹു തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കൊരട്ടി വൈഗാത്രഡ്സ് പ്രോസസേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡിലെ അന്യായമായ അടച്ചു പൂട്ടലിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികൾക്ക് ന്യായമായ കോമ്പൻസേഷൻ നൽകുന്നതിനും കമ്പനിക്ക് പാട്ടത്തിനു നൽകിയിരിക്കുന്ന റവന്യൂ ഭൂമി തിരിച്ചു പിടിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) കൊരട്ടി വൈഗാത്രഡ്സ് പ്രോസസേഴ്സ് (പ്രൈവറ്റ്) ലിമിറ്റഡിലെ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രി 03.07.2013 ൽ നടത്തിയചർച്ചയിൽ മാനേജ്മെന്റിന്റെ കൈവശമുള്ള പാട്ട ഭൂമി സർക്കാരിന് സറണ്ടർ ചെയ്യുകയാണെങ്കിൽ തൊഴിലാളികൾക്ക് നൽകാനുള്ള നിയമപരമായ നഷ്ടപരിഹാരം സർക്കാർ നൽകുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ബഹു. വ്യവസായവകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിമാർ നടത്തിയ യോഗതീരുമാനമനുസരിച്ച് ബഹു. കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുള്ള പെറ്റീഷൻ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) ഇതിനായി ബഹു. മുഖ്യമന്ത്രിയുടേയും വ്യവസായവകുപ്പ്, തൊഴിൽ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി) നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ